# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2331 — 09.03.2018 ന് മറുപടിയ്ക്ക്.

## വന്യജീവികൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി |
| (എ) വന്യജീവികൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിന് ബാദ്ധ്യതയുണ്ടെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) നിലവിൽ ഇപ്രകാരമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) നൽകുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് 1980-ലെ ചട്ടങ്ങൾക്ക് വിധേയമായി 17.11.2014-ലെ സ.ഉ (എം.എസ്)96/2014 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) ഉണ്ടെങ്കിൽ 2017 ൽ ഈയിനത്തിൽ ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ; ഇനി അപേക്ഷകൾ തീർപ്പാക്കാനുണ്ടോ; വിശദമാക്കാമോ; | (സി) 2016-17 വർഷത്തിൽ 963.90 ലക്ഷം രൂപ ഈയിനത്തിൽ ചിലവായിട്ടുണ്ട്. അവശ്യ രേഖകളുടെ അഭാവത്താൽ പ്രസ്തുത കാലയളവിലെ ചില അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. |
| (ഡി) നാളിതുവരെ സംസ്ഥാനത്ത് തീർത്ത സൗരോർജ്ജ വൈദ്യുതി വേലിയുടെ ആകെ നീളമെത്രയെന്നും കാട്ടാനകളെ പ്രതിരോധിക്കാനുള്ള കിടങ്ങുകളുടെ ആകെ നീളമെത്രയെന്നും അറിയിക്കാമോ? | (ഡി) നാളിതുവരെ സംസ്ഥാനത്ത് തീർത്ത സൗരോർജ്ജ വൈദ്യുതി വേലിയുടേയും, കാട്ടാനകളെ പ്രതിരോധിക്കാനുള്ള കിടങ്ങുകളുടേയും ആകെ നീളം ചുവടെ ചേർക്കുന്നു. |

| പ്രതിരോധ സംവിധാനം | അളവ് (കി.മീ) |
|---|---|
| 1. വൈദ്യുത വേലി | 1500 |
| 2. ആനപ്രതിരോധ കിടങ്ങ് | 584 |

സെക്ഷൻ ഓഫീസർ